"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-കേരള അഗ്നിരക്ഷാ സേവനം-ശ്രീ. രതകുമാർ റ്റി. ഫയൽ ചെയ്ത OA No:1235/2024 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.3358/2024/HOME തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:- 1. ശ്രീ.രതകുമാർ.റ്റി സമർപ്പിച്ച 18-07-2024 ലെ അപ്പീൽ അപേക്ഷ.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No:1235/2024 മേലുള്ള 07-08-2024 ലെ വിധി.

3. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 30-09-2024 ലെ FIREHQ/3228/2023-F3 നമ്പർ കത്ത്.

**ഉത്തരവ്**

അടിമാലി നിലയത്തിലെ ഗ്രേഡ് സീനിയർ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (മെക്കാനിക്) നം 2341 ശ്രീ. ശ്രീകുമാർ പി., കട്ടപ്പന നിലയത്തിലെ ഗ്രേഡ് സീനിയർ ഫയർ ആന്റ് റസ്ക്യൂ ഓഫീസർ (മെക്കാനിക്) നം 2552 ശ്രീ. പി. എ. ബിജുവും, കട്ടപ്പന നിലയത്തിലെ ഹോം ഗാർഡ് നം 175 ശ്രീ. രതകുമാറും തമ്മിൽ അനധികൃത പണമിടപാട് നടത്തിയതായും കട്ടപ്പന നിലയത്തിലെ മെസ് ഹാളിൽ വച്ച് ശ്രീ. പി. എ. ബിജുവും ശ്രീ. രതകുമാറും തമ്മിൽ വാക്കുതർക്കവും കൈയ്യേറ്റവും ഉണ്ടായതു സംബന്ധിച്ച പരാതിയിൽമേൽ വകുപ്പിലെ വിജിലൻസ് ഓഫീസറായ റീജിയണൽ ഫയർ ഓഫീസർ, ഡയറക്ടർ ജനറലിന്റെ നിർദ്ദേശ പ്രകാരം അന്വേഷണം നടത്തുകയും ടി ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ജീവനക്കാരായ ശ്രീ. പി. എ. ബിജുവിനേയും ശ്രീ. ശ്രീകുമാർ പി. യേയും അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്യുകയും, ശ്രീ രതകുമാർ റ്റി. യെ ഹോം ഗാർഡ് സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു.

2. എന്നാൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ രതകുമാർ റ്റി. പരാമർശം (1) പ്രകാരം സർക്കാർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും അതോടൊപ്പം തന്നെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും പരാമർശം (2) പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ 2 മാസത്തിനകം തീരുമാനമെടുക്കാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ ശ്രീ.രതകുമാർ റ്റി. സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേലുള്ള റിപ്പോർട്ട് പരാമർശം (3) പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ലഭ്യമാക്കിയിരുന്നു. അഗ്നിരക്ഷാ സേനയിലെ സ്ഥിരം ജീവനക്കാരും ഈ കേസ്സിലെ കൂട്ടു പ്രതികളുമായ ശ്രീ ശ്രീകുമാർ പി., ശ്രീ പി. എ. ബിജു എന്നിവർക്കെതിരെ KCS(CC & A) റൂൾ 1960 പ്രകാരമുള്ള അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിനായി അന്വേഷണം നടന്നുവരുന്നുവന്നും ഹോം ഗാർഡ് ജീവനക്കാരുടെ നിയമന രീതി വ്യത്യസ്തമാകയാൽ ഹോം ഗാർഡ് സേനാംഗങ്ങൾക്ക് ബാധകമായ ഹോം ഗാർഡ് ആക്ട് 1960 Rule 10(3) യിലെ വ്യവസ്ഥകൾ പ്രകാരം അന്വഷണം നടത്തിയാണ് ടിയാനെതിരെ നടപടി എടുത്തിരുന്നതെന്നും അപ്പീൽ പരിഗണിച്ച്, മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുത് എന്ന കർശന നിർദ്ദേശം നൽകി ഹോം ഗാർഡ് സേനയിൽ തിരിച്ച് എടുത്ത് നിലവിൽ ജോലി ചെയ്തു വന്നിരുന്ന നിലയത്തിൽ നിന്നും മാറ്റി മറ്റൊരു നിലയത്തിൽ സേവനം അനുഷ്ഠിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്നും ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രതകുമാറിന്റെ അപ്പീൽ, ഫയർ & റെസ്ക്യൂ സർവീസസ് ഡയറക്ടർ ജനറലിന്റെ ശിപാർശ എന്നിവ പരിഗണിച്ച് ഹോം ഗാർഡ് സേനയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന ശ്രീ.രതകുമാറിനെ മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുത് എന്ന കർശന നിർദ്ദേശം നൽകി, അതേ സേവന വേതന വ്യവസ്ഥയിൽ സർവീസിൽ പുന:പ്രവേശിപ്പിച്ചുകൊണ്ടും ടിയാൻ ജോലി ചെയ്തു വന്നിരുന്ന നിലയത്തിൽ നിന്നും മാറ്റി മറ്റൊരു നിലയത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ലെ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ശിവദാസൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

1. ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.
2. അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
3. ശ്രീ.രതകുമാർ.റ്റി, കുന്നേൽ ഹൗസ്, കാഞ്ചിയാർ പി.ഒ., ഇടുക്കി-685511.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തിരുവനന്തപുരം.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിംഗ്, ഐ&പി.ആർ.ഡി
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Shabeer S
Date: 14-11-2024 15:56:33
സെക്ഷൻ ഓഫീസർ